# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *561 22.05.2017 -ൽ മറുപടിയ്ക്ക്

## മലയാള മഹാ നിഘണ്ടുവിലെ തെറ്റുകൾ തിരുത്തി സമഗ്രമാക്കാൻ നടപടി

*ചോദ്യം*
ശ്രീ. ജി. എസ്. ജയലാൽ
,, സി. ദിവാകരൻ
,, ഇ.ടി. ടൈസൺ മാസ്റ്റർ
,, വി.ആർ. സുനിൽ കുമാർ

*ഉത്തരം*
പ്രൊഫ. സി രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലയാള മഹാ നിഘണ്ടു പദ്ധതിയിലെ 2016-ൽ പ്രസിദ്ധീകരിച്ച ഒമ്പതാം വാല്യത്തിൽ വ്യാപകമായി തെറ്റുകൾ കടന്നുകൂടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | 'പൃ' മുതൽ 'പ്ര' വരെയുള്ള അക്ഷരങ്ങളിൽ തുടങ്ങുന്ന ഈ വാല്യത്തിൽ മലയാള ഭാഷയിൽ നിത്യേന പ്രയോഗിക്കുന്ന പല പദങ്ങളും സ്ഥാനം പിടിച്ചിട്ടില്ലെന്നത് ഗൗരവമായി കാണുന്നുണ്ടോ; | (ബി) | മലയാള മഹാനിഘണ്ടുവിൽ ഉൾപ്പെടേണ്ട ചില പദങ്ങൾ ഉൾപ്പെട്ടിട്ടില്ലെന്നത് ഗൗരവമായി കാണുന്നുണ്ട്. |
| (സി) | മലയാള മഹാനിഘണ്ടു, ഭാഷാ സമൂഹത്തിന്റെ ജീവനും ആത്മാവുമാണെന്നത് പരിഗണിച്ച് ഒമ്പതാം വാല്യത്തിൽ വന്ന തെറ്റുകൾ തിരുത്തി, ഒഴിവാക്കപ്പെട്ട വാക്കുകൾ ഉൾക്കൊള്ളിച്ച് സമഗ്രവും സമ്പൂർണ്ണവുമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | മലയാള മഹാനിഘണ്ടുവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടയുടൻ പ്രസ്തുത വാല്യത്തിന്റെ വില്പന പ്രസാധകരായ കേരള സർവ്വകലാശാല നിർത്തിവച്ചു. തുടർന്ന്, തെറ്റുകൾ വന്നുകൂടിയതായുള്ള പരാതിയെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള സർവ്വകലാശാലയുടെ മലയാള പഠന |

| | | | |
|---|---|---|---|
| | | | വിഭാഗത്തിലെ പ്രൊഫസർ ഡോ. സി.ആർ. പ്രസാദ് (കൺവീനർ), അസോസിയേറ്റ് പ്രൊഫസർ ഡോ. എസ്. ഷിഫാ, ഇംഗ്ലീഷ് പഠന വിഭാഗത്തിലെ പ്രൊഫസർ ഡോ. മീന റ്റി. പിള്ള എന്നിവരടങ്ങുന്ന ഒരു അന്വേഷണ സമിതിയെ നിയോഗിച്ചു. പ്രാഥമിക പരിശോധനയിൽ മഹാനിഘണ്ടുവിനെ സംബന്ധിച്ചുള്ള പരാതിയിൽ കഴമ്പുണ്ടെന്ന് സമിതിയ്ക്ക് ബോധ്യപ്പെട്ടു. സമിതിയുടെ അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**